"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - സർക്കാർ സ്ഥാപനങ്ങളിലെ പാഴ്ക്കടലാസുകൾ മെ. കെ.പി.പി.എൽ. എന്ന സ്ഥാപനത്തിന് നൽകുന്നതിനുള്ള വില നിർണ്ണയരീതി പുനർ നിശ്ചയിച്ചുകൊണ്ടും, ചരക്കുമാറ്റത്തിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2023/SPD തീയതി,തിരുവനന്തപുരം, 29-04-2023

---

പരാമർശം:- സ്റ്റോർസ് പർച്ചേസ് (സി) വകുപ്പിന്റെ 16/02/2022-ലെ GO(Rt) 54/2022/SPD നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർക്കാർ സ്ഥാപനങ്ങൾ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / സഹകരണ സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന പാഴ്ക്കടലാസുകളും, വെള്ള കട്ടിംഗ് പേപ്പറുകളും മറ്റും, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മെ. കെ.പി.പി.എൽ. എന്ന സ്ഥാപനത്തിന് നൽകുന്നതിനു പരാമർശ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. സർക്കാർ കാര്യാലയങ്ങളിൽ നിന്നും പാഴ്ക്കടലാസുകൾ കൈമാറ്റം ചെയ്യുന്നതിനായി സ്റ്റേഷനറി വകുപ്പ് മുൻകാലങ്ങളിൽ നടത്തിയ ടെണ്ടർ നടപടി ക്രമങ്ങളിൽ നിന്നും ലഭ്യമായ വില ഈ കൈമാറ്റത്തിനുള്ള മാനദണ്ഡമായി സ്വീകരിക്കുന്നതിൽ അപാകതയുള്ളതായി മെ. കെ.പി.പി.എൽ. സർക്കാർ ശ്രദ്ധയിൽപ്പെടുത്തി.

2) ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കാര്യാലയങ്ങളുടെ കാര്യത്തിൽ മാത്രം, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്വരൂപിക്കപ്പെട്ടിട്ടുള്ള വേസ്റ്റ് പേപ്പറിനു കെ.പി.പി.എൽ-ന് നൽകേണ്ടതായ വില നിർണയിക്കുന്നതിനായി, പരാമർശിത ഉത്തരവിൽ നിശ്ചയിച്ചു നൽകിയ, "മുൻ 5 വർഷത്തെ (2017-2018 മുതൽ) സഞ്ചിത ശരാശരി" എന്നതിനു പകരം "അവസാന 3 വർഷത്തെ ശരാശരി" (2019-2020 മുതൽ) എന്നാക്കി മാറ്റി കണക്കാക്കി വിലനിർണയം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) ഇതോടൊപ്പം, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ കാര്യാലയങ്ങളിൽ നിന്നും സ്റ്റേഷനറി വകുപ്പ് മുഖാന്തിരം പാഴ്ക്കടലാസുകൾ നീക്കം ചെയ്യുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. 16/09/2022-ലെ സ.ഉ. (സാധാ) 54/2022/എസ്.പി.ഡി. നമ്പർ ഉത്തരവ് പ്രകാരം

വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും മെ. കെ.പി.പി.എൽ-നു വേസ്റ്റ് പേപ്പർ നൽകുന്നതിനുള്ള ചുമതലയും, ഉത്തരവാദിത്വവും സ്റ്റേഷനറി വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

ii. ഇതിലേയ്ക്കായി സ്റ്റേഷനറി വകുപ്പും, അതത് സ്ഥാപന മേധാവിയും, മെ. കെ.പി.പി.എൽ-ഉം ഉൾപ്പെടുന്ന വ്യക്തിഗത കരാറിൽ ഏർപ്പെടേണ്ടതാണ്.

iii. വിവിധ സർക്കാർ ഓഫീസുകളിൽ സ്വരൂപിക്കപ്പെട്ടിട്ടുള്ള 500 കിലോയ്ക്ക് മുകളിൽ തൂക്കം വരുന്ന വേസ്റ്റ് പേപ്പറുകൾ സ്റ്റേഷനറി വകുപ്പിന്റെ പ്രതിനിധി, കെ.പി.പി.എൽ-ന്റെ പ്രതിനിധി, അതാതു വകുപ്പ് പ്രതിനിധി എന്നിവരുടെ സാന്നിധ്യത്തിൽ തൂക്കം പരിശോധിച്ചു രേഖപ്പെടുത്തി കെ.പി.പി.എൽ-ന് കൈമാറേണ്ടതാണ്.

iv. എന്നാൽ ഉദ്ദേശം 500 കിലോയ്ക്കു താഴെ മാത്രമുള്ള അളവിൽ വേസ്റ്റ് പേപ്പറുകൾ ഇപ്പോൾ കൈവശം ഉള്ള സർക്കാർ സ്ഥാപനങ്ങൾ, ഇക്കാര്യം സ്റ്റേഷനറി വകുപ്പിനെ അറിയിക്കുകയും, സ്റ്റേഷനറി വകുപ്പ് തൂക്കം സ്ഥിരീകരിക്കുകയും ചെയ്തശേഷം, കെ.പി.പി.എൽ-ന്റെ ഭാഗത്തുനിന്നും ഉള്ള ചരക്കുനീക്കം സുഗമമാക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ 500 കിലോ വരുന്ന അളവിൽ, അടുത്തടുത്ത സർക്കാർ ഓഫീസുകളിൽ നിന്ന് കൂടി വേസ്റ്റ് പേപ്പർ മേൽപറഞ്ഞത് പ്രകാരം സമാഹരിച്ച് കെ.പി.പി.എൽ-നു കൈമാറേണ്ടതാണ്.

v. മേൽ പറഞ്ഞ മാനദണ്ഡ പ്രകാരം സ്റ്റേഷനറി വകുപ്പ് നിശ്ചയിച്ച് നൽകുന്ന വില മെ. കെ.പി.പി.എൽ, സ്റ്റേഷനറി വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ അടയ്ക്കേണ്ടതാണ്.

vi. പാഴ്ക്കടലാസുകൾ വിറ്റു കിട്ടുന്ന തുക സ്റ്റേഷനറി വകുപ്പിന്റെ ശീർഷകത്തിലും, ജി.എസ്.ടി. പ്രത്യേകമായി ജി.എസ്.ടി. വകുപ്പിനും ഒടുക്കേണ്ടതാണ്.

vii. ഇപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം പരമാവധി ഒരു മാസകാലയളവിനുള്ളിൽ തന്നെ സർക്കാർ കാര്യാലയ പരിസരത്തുനിന്നും പാഴ്ക്കടലാസുകൾ മെ. കെ.പി.പി.എൽ. നീക്കം ചെയ്യേണ്ടതാണ്.

4) സർക്കാർ കാര്യാലയങ്ങൾ ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങൾ വില നിർണയ നടപടികൾ പരാമർശ ഉത്തരവ് വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കേണ്ടതും, ചരക്കുനീക്കത്തിനുള്ള നടപടികൾ സ്വമേധയാ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം

സ്പെഷ്യൽ ഓഫിസർ, കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് (KPPL ), ന്യൂസ് പ്രിന്റ് നഗർ, വെള്ളൂർ, കോട്ടയം.പിൻ. 686616

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രൻസിപ്പൽ
സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു തലവന്മാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും,
സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ)കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ.
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്.
രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികൾ.
രജിസ്ട്രാർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശൂർ.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം ശാഖ.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

Signed by
Bindu V K
Date: 29-04-2023 15:15:56
സെക്ഷൻ ഓഫീസർ